ഉത്തരം

(എ)&(ബി) എറണാകുളം ജില്ലയിലെ വരാപ്പുഴ-കടമക്കുടി റോഡിലെ പുതുശ്ശേരി തോട്ടിൽ തകർന്നു പോയ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനഃനിർമ്മിക്കുവാനായി പ്രാഥമിക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 60.50 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് 83.50 ലക്ഷം രൂപയാണ്.

(സി) ഇല്ല.

(ഡി)&(ഇ) 2005-06-ലെ ബഡ്ജറ്റിൽ 20% തുക വകയിരുത്താത്ത സാഹചര്യത്തിൽ, പ്രത്യേക അനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ തീരുമാനം ആകുന്ന മുറയ്ക്ക് ജോലി ഏറ്റെടുത്തു നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

പുന്നർ പുഴയുടെ തീരം കെട്ടി സംരക്ഷണം

82 [1800] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ കുമ്മങ്ങോട് മുതൽ പടനിലം പാലം വരെ പുന്നർപുഴയുടെ തീരം കെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പ്രസ്തുത പ്രവർത്തിക്കായി 2004-ലെ പുതുക്കിയ നിരക്ക് അനുസരിച്ച് 17.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

തൃപ്രങ്ങോട്ടൂർ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

83 [1801] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly